**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 230 — 27.01.2014-ൽ മറുപടിയ്ക്ക്

## പകർച്ച വ്യാധികളാൽ മരണപ്പെട്ടവരുടെ വിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. വി. ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ ) സംസ്ഥാനത്ത് 2013-ൽ പകർച്ച വ്യാധികൾ വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ?<br><br>(ബി)കേരളത്തിൽ 2013-ൽ ഏറ്റവും കൂടുതൽ പേർക്ക് ഡെങ്കിപ്പനി ബാധിച്ചിട്ടുള്ളതായി ആരോഗ്യവകുപ്പിന്റെ കണക്കുകൾ തെളിയിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ & ബി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 2013 - ൽ റിപ്പോർട്ട് ചെയ്ത പകർച്ച വ്യാധികളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായത് ഡെങ്കിപ്പനിയുടെ എണ്ണത്തിൽ മാത്രമാണ്. 2012 - ൽ 4056 ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തപ്പോൾ 2013 -ൽ അത് 7911 ആയി വർദ്ധിച്ചു. മലമ്പനി, ഹെപ്പറ്റൈറ്റിസ് - എ, എച്ച് 1 എൻ 1 പനി എന്നീ പകർച്ച വ്യാധികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2013- ൽ കുറവുണ്ടായിട്ടുണ്ട്. മലമ്പനി, ഹെപ്പറ്റൈറ്റിസ് - എ, എച്ച് 1 എൻ 1 പനി എന്നിവയുടെ എണ്ണം 2012- ൽ യഥാക്രമം 2036, 6305, 133 ആയിരുന്നു. എന്നാൽ 2013 -ൽ ഇവയുടെ എണ്ണം യഥാക്രമം 1337, 5329, 23 ആയി കുറയുകയാണ് ഉണ്ടായത്. മറ്റ് പ്രധാന പകർച്ച വ്യാധികളായ എലിപ്പനി, ടൈഫോയ്ഡ്, എന്നിവയുടെ എണ്ണത്തിൽ 2013-ൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (സി)ജലജന്യരോഗങ്ങൾ സംസ്ഥാനത്ത് എത്രത്തോളം പടർന്ന് പിടിക്കുന്നുണ്ട്; എങ്കിൽ ഇ ത്തരത്തിൽ പടർന്നു പിടിച്ച രോഗങ്ങൾ ഏതെല്ലാം; വിശദീകരിക്കുമോ? | (സി)<br>ജലജന്യരോഗങ്ങൾ സംസ്ഥാനത്ത് പടർന്ന് പിടിക്കുന്ന അവസ്ഥ ഇപ്പോൾ നിലവിലില്ല. എന്നാൽ വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, കോളറ, മഞ്ഞപ്പിത്തം എന്നീ രോഗങ്ങൾ ചില ജില്ലകളിൽ, ചില സമയങ്ങളിൽ കൂടുതലായി കണ്ടുവരുന്നു. 2013 -ൽ 20 എണ്ണം സ്ഥിരീകരിച്ച കോളറ കേസുകൾ വയനാട്, ഇടുക്കി, കോട്ടയം, ആലപ്പുഴ എന്നീ |

| | |
|---|---|
| | ജില്ലകളിൽ നിന്നും; ഹെപ്പറ്റൈറ്റിസ്-എ (മഞ്ഞപ്പിത്തം) കൊല്ലം, കോഴിക്കോട്, മലപ്പുറം ,വയനാട് എന്നീ ജില്ലകളിൽ നിന്നും; ടൈഫോയ്ഡ് തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ നിന്നുമാണ് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. |
| (ഡി) പകർച്ച വ്യാധികളും ജലജന്യ രോഗങ്ങളും നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിക്കുന്ന നടപടി അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടു ണ്ടോ; എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) പകർച്ച വ്യാധികളും, ജലജന്യരോഗങ്ങളും പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമായ നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഓരോ ജില്ലകളിലേയും ഐ.ഡി.എസ്.പി യൂണിറ്റുകൾ വഴി രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തി രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാദ്ധ്യത മുൻകൂട്ടി കണ്ട് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. രോഗപ്രതിരോധ നിയന്ത്രണത്തിനും മറ്റുമുള്ള പ്രവർത്തനങ്ങൾ ഇതര വകുപ്പുകളുമായി ചേർന്നും ആരോഗ്യ വകുപ്പ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ